No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2019

## സംവരണാനുകൂല്യമില്ലാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള അധിക മെഡിക്കൽ സീറ്റുകളിലേക്കുള്ള പ്രവേശനം

സംവരണാനുകൂല്യം ലഭ്യമാകാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി (**EWS**) സർക്കാർ മേഖലയിലെ മെഡിക്കൽ കോഴ്സുകൾക്ക് അധികമായി അനുവദിക്കപ്പെട്ട സീറ്റുകൾക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ രേഖ സമർപ്പിക്കാവുന്നതാണ്. 14.03.2019 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം.52/2019/ജി.എ.ഡി. മാനദണ്ഡ പ്രകാരം **SC/ST/ SEBC/OEC** എന്നിവർ ഒഴികെയുള്ളതും കേരളീയരുമായ ജനറൽ വിഭാഗക്കാരായ വിദ്യാർത്ഥികൾ പ്രസ്തുത സീറ്റുകളിൽ പ്രവേശനത്തിന് അർഹത തെളിയിക്കുന്ന രേഖയാണ് സമർപ്പിക്കേണ്ടത്. ഇത്തരം സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരവരുടെ ഹോം പേജിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **'EWS Certificate'** എന്ന ലിങ്കിൽ ലഭ്യമാകുന്ന നിശ്ചിത ഫോർമാറ്റിലുള്ള അപേക്ഷ ഡൗൺലോഡ് ചെയ്ത് തഹസിൽദാരുടെ റാങ്കിൽ കുറയാത്ത റവന്യൂ അധികാരിയിൽ നിന്നും പൂരിപ്പിച്ചു വാങ്ങി **15.07.2019, 4** മണിക്ക് മുൻപ് ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. പ്രസ്തുത രേഖ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി യാതൊരു കാരണവശാലും നീട്ടി നല്കുന്നതല്ല. നിശ്ചിത തീയതിക്കകം രേഖകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ പ്രസ്തുത സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
29.06.2019